പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3237 | 19/06/2019- ൽ മറുപടിയ്ക്ക്

# കെ.എൽ.യു അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

**ചോദ്യം**
**ശ്രീ.കെ. ബാബു**

(എ) സർക്കാർ ആവശ്യങ്ങൾക്കും പൊതു ആവശ്യങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ കെ.എൽ.യു അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**ഉത്തരം**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

(എ) 2018- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ പൊതു ആവശ്യത്തിലേയ്ക്കായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ ചേർന്നു കിടക്കുന്ന നെൽ വയലുകളിലെ കൃഷിയെ എപ്രകാരം ബാധിക്കുമെന്നും അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്ക് ഉറപ്പു വരുത്തുവാൻ സ്വീകരിക്കേണ്ട നടപടികളും ആവശ്യമായി വരുന്നിടത്തെല്ലാം സ്വീകരിക്കേണ്ട അനുയോജ്യമായ ജലസംരക്ഷണ നടപടികളും അപേക്ഷകൻ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ട പ്രദേശവും ഉൾപ്പെടുത്തിയ റിപ്പോർട്ടും രൂപാന്തരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്കെച്ചും ഉൾപ്പെടെ സംസ്ഥാനതല സമിതിയ്ക്ക് സമർപ്പിക്കേണ്ട താണ്.

കാർഷികോൽപാദന കമ്മീഷണർ കൺവീനർ ആയിട്ടുള്ള സംസ്ഥാനതല സമിതി റിപ്പോർട്ട് വിശദമായി പരിശോധിച്ച് 3 മാസത്തിനകം ശിപാർശ സഹിതം സർക്കാരിലേയ്ക്ക് നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ നെൽവയൽ രൂപാന്തരപ്പെടുത്തു ന്നതിന് അനുവാദം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

ഏതെങ്കിലും പൊതു ആവശ്യത്തിലേയ്ക്കായി "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" യുടെ പരിവർത്തനപ്പെടുത്തൽ ആവശ്യമാകുന്നിടത്ത് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷയിന്മേൽ, റവന്യൂ ഡിവിഷണൽ ഓഫീസർ സമീപത്ത് നെൽവയലുകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെ

| | | |
|---|---|---|
| | | തടസ്സപ്പെടുത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ചുകൊണ്ട് സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതും ഇതു ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ജല സംരക്ഷണ നടപടികൾ നിർദ്ദേശിക്കേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച്, പൊതു ആവശ്യത്തിലേയ്ക്കായി "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" രൂപാന്തരപ്പെടുത്തുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. എന്നാൽ അപ്രകാരമുള്ള അനുമതി നൽകുന്നിടത്ത് സർക്കാരിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ ശിപാർകളിന്മേൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ്.<br>പരിവർത്തനാനുമതി അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമെങ്കിൽ അപ്രകാരമുള്ള ഭൂമിയുടെ 10 % ജല സംരക്ഷണ നടപടികൾക്കായി നീക്കിവയ്ക്കേണ്ടതാണ്. |
| (ബി) | നിലവിൽ മറ്റ് ആവശ്യങ്ങൾക്കും കെ.എൽ.യു അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ വകുപ്പ് 27 (A) പ്രകാരം വാണിജ്യാവശ്യങ്ങൾക്കോ / മറ്റു ആവശ്യങ്ങൾക്കോ "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ" സ്വഭാവ വ്യതിയാനത്തിന് അനുമതിയ്ക്കായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകാൻ വ്യവസ്ഥയുണ്ട്. അപേക്ഷ അനുവദിക്കുന്ന പക്ഷം നിർണ്ണയിക്കപ്പെട്ട നിശ്ചിത ഫീസ് നൽകാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ പൊതു ആവശ്യത്തിനും വീട് നിർമ്മിക്കുന്നതിനുവേണ്ടിയും മാത്രമേ പരിവർത്തനാനുമതി നൽകാൻ വ്യവസ്ഥയുള്ളൂ. |

Sreelatha

സെക്ഷൻ ഓഫീസർ